സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ദേവസ്വങ്ങളിലെ തിരുവാഭരണങ്ങൾ ഉൾപ്പെടെയുള്ള സ്ട്രോംഗ്റൂം ചാർജ്ജ് കൈമാറ്റം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 670/17/Est-1** നന്തൻകോട്, **24/03/2018**

---

പരാമർശം :- 1) 06-03-2015 ലെ ROC 9621/13/Est-1 നമ്പർ സർക്കുലർ.
2) 12-06-2017 ലെ മേൽ നമ്പർ ഉത്തരവ്.
3) 20-03-2018 ലെ ബോർഡ് തീരുമാനം.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ദേവസ്വങ്ങളിലെ തിരുവാഭരണങ്ങൾ ഉൾപ്പെടെയുള്ള സ്ട്രോംഗ്റൂം ചാർജ്ജ് പല ഉദ്യോഗസ്ഥരും സ്ഥലംമാറിവരുന്ന ഉദ്യോഗസ്ഥരെ ഏൽപ്പിച്ചിട്ടാത്തതായും പലരും മന: പൂർവ്വം ഏൽക്കാതിരിക്കുന്നതായും ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്.

നാളിതുവരെ തിരുവാഭരണങ്ങൾ ഉൾപ്പെടെയുള്ള സ്ട്രോംഗ്റൂം ചാർജ്ജ് നൽകാതിരിക്കുന്ന ഉദ്യോഗസ്ഥർ ചാർജ്ജ് ഉടൻ നൽകുന്നതിനും ചാർജ്ജ് ഏറ്റെടുക്കേണ്ട ഉദ്യോഗസ്ഥർ ഉടൻ ചാർജ്ജ് ഏറ്റെടുക്കുന്നതിനും നിർദ്ദേശം നൽകുന്നതിനും ചാർജ്ജ് ഏൽപ്പിക്കാതിരുന്നത്, ഏൽക്കാതിരിക്കുന്നത് എന്നിവ കാരണം എന്തെങ്കിലും നഷ്ടം സംഭവിക്കാൻ ഇടയായാൽ ചാർജ്ജ് ഏൽപ്പിക്കേണ്ടിയിരുന്ന ഉദ്യോഗസ്ഥനും ചാർജ്ജ് ഏൽക്കേണ്ടിയിരുന്ന ഉദ്യോഗസ്ഥനും തുല്യ ബാദ്ധ്യതയായി കണക്കാക്കുന്നതിനും ബോർഡ് തീരുമാനിച്ചു.

ഡിസ്ട്രിക്റ്റ് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ അവരവരുടെ പരിധിയിലുള്ള സബ്ഗ്രൂപ്പുകളിലെ തിരുവാഭരണങ്ങൾ ഉൾപ്പെടെയുള്ള സ്ട്രോംഗ് റൂം ചാർജ്ജ് ഇനി ഏതെങ്കിലും ഉദ്യോഗസ്ഥർ ഏൽപ്പിക്കാനുണ്ടോ/ഏൽക്കാനുണ്ടോ എന്നുള്ളത് പരിശോധിച്ച് അടിയന്തിരത്തിൽ വിവരം ദേവസ്വം കമ്മീഷണർക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ - നടപടിക്കായി
2. എല്ലാ ഡിസ്ട്രിക്റ്റ് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും - ടി
3. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും - ടി
4. മരാമത്ത് സെക്ഷൻ, ബോർഡ് ആഫീസ്

(മറുപുറം)

5. ഇ.ഡി.പി. സെക്ഷൻ
6. സെക്ഷൻ ഫയൽ
7. ഫയൽ ബുക്ക്
8. ഫെയർ ആഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK